ലക്ഷംവീട് കോളനികളിൽ വൈദ്യുതി കണക്ഷൻ

*50 [54] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾ മുഖേന വയറിംഗ് നടത്തിയ ലക്ഷംവീട് കോളനികളിൽ വിദ്യുച്ഛക്തി കണക്ഷൻ നൽകുന്നതിന് മുൻഗണന നൽകാൻ ഗവൺമെന്റ് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) 1980-ലെ ഗവൺമെന്റ്, ലക്ഷംവീടുകളിൽ വയറിംഗ് നടത്തിയാൽ കണക്ഷൻ നൽകുന്നതിന് നിശ്ചയിച്ച മുൻഗണനാക്രമം എപ്പോഴാണ് നിർത്തലാക്കിയത്;

(സി) ഇതിന്റെ കാരണമെന്തായിരുന്നു?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഇല്ല

(ബി) പ്രത്യേക മുൻഗണന നൽകുന്നതിനായി 1980-ൽ ഉത്തരവ് പുറപ്പെടുവിച്ചതായി തോന്നുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

വഖഫ് ബോർഡിന് ഗ്രാന്റ്

*51 [55] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി ഈ വർഷം വഖഫ് ബോർഡിന് ഗ്രാന്റ് നൽകുവാനുദ്ദേശമുണ്ടോ;

(ബി) എങ്കിൽ എത്രയാണ്?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ) ഉണ്ട്.

(ബി) കഴിഞ്ഞ പ്രാവശ്യത്തെപ്പോലെ പതിനഞ്ചുലക്ഷം രൂപ നൽകാനാണ് ഉദ്ദേശം.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

നാഷണൽ ഹൈവേയ്ക്ക് അനുവദിച്ച തുക

58 [93] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-86 വർഷത്തിൽ നാഷണൽ ഹൈവേയുടെ പണിക്കു വേണ്ടി കേന്ദ്രം എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര;

(സി) എൻ. എച്ചിന്റെ അറ്റകുറ്റപ്പണികൾക്കുവേണ്ടി കേന്ദ്രം 1985-86 വർഷത്തിൽ എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര?

LIBRARY ARCHIVES Kerala Legislative Assembly